പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2467

18.12.2012 ൽ
മറുപടിയ്ക്ക്

ഐ.ടി. വികസനത്തിനായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത ഭൂമി

ചോദ്യം
ശ്രീ. പി.ബി. അബ്ദുൾ റസാക്:

ഉത്തരം
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

എ) ഐ.ടി. വികസനത്തിനായി സംസ്ഥാന സർക്കാർ നാളിതുവരെ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; എവിടെയെല്ലാമാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത്;

ബി) ഏതെല്ലാം വർഷങ്ങളിലാണ് ഭൂമി ഏറ്റെടുത്തത്;

(എ) യും (ബി) യും

ഐ.ടി. വികസനത്തിനായി സംസ്ഥാന സർക്കാർ നാളിതുവരെ 1310.54 ഏക്കർ ഭൂമി വിവിധ ജില്ലകളിലായി ഏറ്റെടുത്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഒന്നാംഘട്ട വികസനത്തിനായി 143.64 ഏക്കർ ഭൂമി 1990-98 കാലഘട്ടത്തിൽ ആറ്റിപ്ര, കഴക്കൂട്ടം, മേനംകുളം എന്നീ വില്ലേജുകളിൽ നിന്നും, രണ്ടാംഘട്ടത്തിന്റെ വികസനത്തിനായി 86 ഏക്കർ ഭൂമി 2004-2006 കാലഘട്ടത്തിൽ, മൂന്നാംഘട്ട വികസനത്തിനായി 90 ഏക്കർ ഭൂമി 2008-2012 കാലഘട്ടത്തിൽ ആറ്റിപ്ര വില്ലേജിൽ നിന്നും ഏറ്റെടുത്തിട്ടുണ്ട്. ടെക്നോസിറ്റി സ്ഥാപിക്കുന്നതിനായ 423.52 ഏക്കർ ഭൂമി 2006-2010 കാലഘട്ടത്തിൽ പള്ളിപ്പുറം അണ്ടൂർക്കോണം, മേൽ തോന്നയ്ക്കൽ, വെയിലൂർ വില്ലേജുകളിൽ നിന്നും ഏറ്റെടുത്തിട്ടുണ്ട്.

കൊല്ലം ടെക്നോപാർക്കിന്റെ ആവശ്യത്തിലേക്കായി 40 ഏക്കർ ഭൂമി കൊല്ലം-മുളവന വില്ലേജിൽ നിന്നും 2009 ൽ ഏറ്റെടുത്തിട്ടുണ്ട്.

ആലപ്പുഴയിൽ ചേർത്തല ഇൻഫോപാർക്കിനായി 60 ഏക്കർ സ്ഥലം ചേർത്തല-പള്ളിപ്പുറം വില്ലേജിൽ നിന്നും 2008-09 ൽ ഏറ്റെടുത്തിട്ടുണ്ട്.

അമ്പലപ്പുഴ പാർക്കിനായി 12 ഏക്കർ സ്ഥലം 2010 ൽ പുറക്കാട് വില്ലേജിൽ നിന്നും ഏറ്റെടുത്തിട്ടുണ്ട്.

കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി കുന്നത്തുനാട്-പുത്തൻകരിശ് വില്ലേജിൽ നിന്ന് 2009-10 കാലഘട്ടത്തിൽ 120 ഏക്കർ ഭൂമി ഏറ്റെടുത്തു. കൊച്ചിയിലെ സ്മാർട്ട്സിറ്റിക്കുവേണ്ടി കാക്കനാട് വില്ലേജിൽ 131.41 ഏക്കർ ഭൂമി 2007-08 കാലഘട്ടത്തിൽ ഏറ്റെടുത്തിട്ടുണ്ട്.

കൂടാതെ പുനരധിവാസത്തിനായി 3.94 ഏക്കർ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്.

തൃശ്ശൂരിലെ കൊരട്ടി പാർക്കിനായി കൊരട്ടി, മുരിങ്ങൂർ, തേക്കുമുറി വില്ലേജുകളിൽ നിന്നും 30 ഏക്കർ ഭൂമി 2009 ൽ ഏറ്റെടുത്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ സൈബർപാർക്കിനായി നെല്ലിക്കോട്-പന്തീരങ്കാവ് വില്ലേജുകളിൽ നിന്നായി 44.39 ഏക്കർ ഭൂമി 2010-11 കാലഘട്ടത്തിൽ ഏറ്റെടുത്തിട്ടുണ്ട്.

കണ്ണൂർ സൈബർപാർക്കിനായി 2008 ൽ എരമം വില്ലേജിൽ 25.64 ഏക്കറും കാസർഗോഡ് പാർക്കിനായി ചീമേനിയിൽ 100 ഏക്കർ ഭൂമി ചീമേനി വില്ലേജിൽ നിന്നും 2010 ലും ലഭിച്ചിട്ടുണ്ട്.

സി) ഏറ്റെടുത്ത ഭൂമിയിൽ ഇതുവരെ സംരംഭങ്ങൾ തുടങ്ങാതെ എത്ര ഭൂമി വെറുതെയിട്ടിരിക്കുന്നു : എവിടെയെല്ലാം ; പ്രസ്തുത ഭൂമിയിൽ എപ്രകാരം നിക്ഷേപകരെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ;

സി) ടെക്നോപാർക്ക് മൂന്നാംഘട്ടത്തിൽ ബാക്കിയുള്ള 25 ഏക്കർ ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനവും ടെക്നോസിറ്റിയിലെ ബാക്കിയുള്ള ഭൂമി നിക്ഷേപകർക്ക് നൽകുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്റ്റാർട്ട്സിറ്റിക്ക് അനുവദിച്ച ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാൻ തയ്യാറായി വരുന്നു. കോഴിക്കോട് സൈബർപാർക്കിലെ 27 ഏക്കർ സ്ഥലം കമ്പനികൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അമ്പലപ്പുഴയിലെ പുറക്കാട്ടുള്ള 12 ഏക്കർ ഭൂമി വെറുതെ കിടക്കുകയാണ്. കണ്ണൂരിലെ എരമത്തും കാസർഗോഡ് ചീമേനിയിലും ഐ.ടി. പാർക്കുകൾക്കായി നബാർഡിന്റെ വായ്പ ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ താമസിയാതെ തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഐ.ടി രംഗത്തുള്ള നിക്ഷേപ സാധ്യതകൾ നേടിയെടുക്കാനായി രാജ്യത്തിനകത്തും പുറത്തുമായി റോഡ് ഷോകൾ സംഘടിപ്പിക്കുകയും നിക്ഷേപകരുമായിട്ടുള്ള ചർച്ചകൾ നടത്തുകയും ചെയ്തുവരുന്നു.

ഡി) സംസ്ഥാനത്തെ ഐ.ടി. വികസനത്തിനായി സംസ്ഥാന സർക്കാർ 2001 മുതൽ 2012 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുക എത്ര ;

ഡി)

| | | | |
|---|---|---|---|
| 2001-02 | - | 25.4789 | കോടി രൂപ |
| 2002-03 | - | 21.1718 | ,, |
| 2003-04 | - | 30.7738 | ,, |
| 2004-05 | - | 41.8276 | ,, |
| 2005-06 | - | 60.6508 | ,, |
| 2006-07 | - | 73.7547 | ,, |
| 2007-08 | - | 90.5427 | ,, |
| 2008-09 | - | 183.0547 | ,, |
| 2009-10 | - | 336.6419 | ,, |
| 2010-11 | - | 303.7383 | ,, |
| 2011-12 | - | 288.9069 | ,, |

| | | | |
|---|---|---|---|
| ഇ) | സംസ്ഥാനത്തിന് 2001 മുതൽ 2012 വരെയുള്ള ഓരോ വർഷവും ഐ.ടി. യിൽ നിന്ന് എത്ര രൂപയുടെ വിറ്റുവരവ് സാധ്യമാക്കാനായി ; | ഇ) | 2001-02 - 306.56 കോടി രൂപ<br>2002-03 - 379.04 ,,<br>2003-04 - 518.54 ,,<br>2004-05 - 702.40 ,,<br>2005-06 - 1102.00 ,,<br>2006-07 - 1750.00 ,,<br>2007-08 - 2715.40 ,,<br>2008-09 - 3621.85 ,,<br>2009-10 - 3990.70 ,,<br>2010-11 - 4934.99 ,,<br>2011-12 - 5253.27 ,, |
| എഫ്) | പുതുതായി എവിടെയെല്ലാം ഐ.ടി. പാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു ; | എഫ്) | കോട്ടയത്ത് പാലായിൽ ഇൻഫോസിറ്റി എന്ന പേരിൽ ഒരു ഐ.ടി. പാർക്ക് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. |
| ജി) | പിന്നോക്ക ജില്ലയായ കാസർഗോഡ് ഏതെങ്കിലും തരത്തിലുള്ള ഐ.ടി. നിക്ഷേപം ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ? | ജി) | ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജിൽ 100 ഏക്കർ ഭൂമിയിൽ ഐ.ടി. പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി 21 കോടി രൂപ നബാർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ